DESPATCHED
25/05/2020

29.2.20

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1260(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.8467/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. സുഭാഷ് എസ്.,
ഗാലറി,
പൗണ്ട്കടവ്, വലിയവേളി പി.ഒ.,
തിരുവനന്തപുരം - 695 021. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അസിസ്റ്റന്റ് എഞ്ചിനീയർ, ആറ്റിപ്ര സോണൽ ആഫീസ്, കോർപ്പറേഷൻ ഓഫീസ്, തിരുവനന്തപുരം.
2. അപ്പീൽ അധികാരി & അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എഞ്ചിനീയറിംഗ് വിഭാഗം, ആറ്റിപ്ര സോണൽ ഓഫീസ്, കോർപ്പറേഷൻ ഓഫീസ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04/04/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 02/05/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 18/05/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 15/06/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 12/07/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 12/07/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18/02/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 26/02/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 29/02/2020 - സംസ്ഥാന വിവരാവകാശ കമ്മീഷൻ ആഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സുഭാഷ് എസ്., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ആറ്റിപ്ര സോണൽ ഓഫീസിൽ നിന്നും ടിയാന്റെ അപേക്ഷയിന്മേലും അപ്പീൽ അപേക്ഷയിന്മേലും ഒരുമിച്ചുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും ഒന്നാം അപ്പീലിനുള്ള അവസരം ടിയാന് നിഷേധിക്കുന്നതിനു വേണ്ടിയാണ് അപ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടുള്ളതെന്നും

തിരുവനന്തപുരം കോർപ്പറേഷൻ ഉദ്യോഗസ്ഥർക്ക് ലോകായുക്ത കോടതിയുടെ ഉത്തരവ് ലഭിച്ചിട്ടില്ല എന്ന മറുപടി കളവാണെന്നും ആയതിനാൽ ശരിയായ വിവരങ്ങൾ ലഭ്യമാക്കണമെന്നും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി റെസ്പോണ്ടന്റ് 5 ഉം, ആറ്റിപ്ര സോണൽ റവന്യു ഓഫീസർ-II റെസ്പോണ്ടന്റ് 4 ഉം ആയ കേരള ലോകായുക്ത കോടതിയിലെ കേസ് നമ്പർ: 506/2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് പൗണ്ട്കടവ് വാർഡിലെ റ്റി.സി. 81/1185 നമ്പർ കെട്ടിടം സർക്കാർ ഭൂമി കയ്യേറി അനധികൃതമായി നിർമ്മിച്ചതാണെന്ന് സംശയാതീതമായി തെളിയിക്കപ്പെട്ടു എന്നത് ശരിയല്ലേ എന്നും

ii. മേൽപ്പടി കെട്ടിടത്തിനുള്ളിൽ ഓണർഷിപ്പും പൊസഷനുമില്ലാത്തവർ അതിക്രമിച്ചു കയറി പ്രവർത്തനം നടത്തുന്നതിനെതിരെ യാതൊരു നടപടിയും സ്വീകരിക്കാത്തത് അനാസ്ഥയും അനുമതിയും കാരണമല്ലേ എന്നും

iii. കോടതി വിധി മാനിക്കാതെ ഡിമോളിഷൻ ഉൾപ്പെടെയുള്ള യാതൊരു നടപടിയും സ്വീകരിക്കാത്തത് അനാസ്ഥയും അഴിമതിയും കാരണമല്ലേ എന്നും അല്ലെങ്കിൽ നിയമസാധുതയുള്ള രേഖകൾ സഹിതം കാരണം വ്യക്തമാക്കണമെന്നും

iv. Seal the illegal structure and demolish എന്ന തലക്കെട്ടോടെ ഹർജിക്കാരൻ 6.6.2015 തീയതി സമർപ്പിച്ച അപേക്ഷയിന്മേൽ(രസീത് നമ്പർ: 76342) എന്തു നടപടി സ്വീകരിച്ചു എന്നും

v. Requesting stringent action against official എന്ന തലക്കെട്ടോടെ തിരുവന്തപുരം കോർപ്പറേഷൻ സെക്രട്ടറിക്ക് 6.6.2015 തീയതി സമർപ്പിച്ച അപേക്ഷയിന്മേൽ (രസീത് നം. 76345) എന്തു നടപടി സ്വീകരിച്ചു എന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ 1, 2, 3 ഇനങ്ങൾ സംബന്ധിച്ച് അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ പറഞ്ഞിരിക്കുന്ന ലോകായുക്ത കോടതി ഉത്തരവ് നാളിതുവരെ മേൽപ്പടി ഓഫീസിൽ ലഭിച്ചിട്ടില്ല എന്നും 4-ാം ഇനം സംബന്ധിച്ച് അറിയിച്ചത്, കേസ് ലോകായുക്ത കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതിനാൽ നടപടി സ്വീകരിച്ചിട്ടില്ല എന്നും 5-ാം ഇനം സംബന്ധിച്ച് അറിയിച്ചത് മേൽ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സെക്ഷനിലേക്ക് കൈമാറിയിട്ടുണ്ടെന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി യാതൊരു മറുപടിയും വിവരവും നൽകിയിട്ടില്ലെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 2.5.2016 തീയതി മറുപടി നൽകിയിരുന്നു എന്നും ആയത് ഹർജിക്കാരന് ലഭിച്ചിട്ടില്ല എന്നു

പ്രസ്താവിച്ചിട്ടുള്ളതിനാൽ മേൽപ്പടി മറുപടിയുടെ ഒരു പകർപ്പ് ഹർജിക്കാരന് അയച്ചു നൽകുന്നു എന്നും ലോകായുക്ത കോടതി ഉത്തരവ് എതിർകക്ഷി ഓഫീസിൽ 30.5.2016 തീയതി ലഭിച്ചിട്ടുള്ളതാണെന്നും അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നതാണെന്നുമാണ്.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, തിരുവനന്തപുരം നഗരസഭയുടെ മെയിൻ ഓഫീസിൽ ലഭിച്ച അപേക്ഷ ആറ്റിപ്ര സോണൽ ഓഫീസുമായി ബന്ധപ്പെട്ട വിഷയത്തിൽ ആയിരുന്നതിനാലാണ് ആറ്റിപ്ര ഓഫീസിലേക്ക് അയച്ചു നൽകിയിരുന്നത് എന്നും ആറ്റിപ്ര ഓഫീസിൽ ഫയൽ ആരംഭിച്ചിട്ടുള്ളതാണെന്നും ആയതിനാൽ ആറ്റിപ്ര സോണലിലെ എസ്.പി.ഐ.ഒ. മറുപടി അയച്ചിട്ടുള്ളതാണെന്നും തുടർന്ന് മേൽപ്പടി വിഷയത്തിൽ അപ്പീൽ അപേക്ഷ വന്നപ്പോൾ അതേ ഫയലിൽ തന്നെ ചേർത്ത് അപ്പീൽ അധികാരിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആദ്യ മറുപടിയുടെ പകർപ്പ് സഹിതം ഹർജിക്കാരന് രജിസ്റ്റേർഡ് തപാലിൽ മറുപടി നൽകിയിട്ടുള്ളതാണെന്നും ലോകായുക്ത കോടതി ഉത്തരവ് 30.5.2016-ൽ മാത്രമാണ് മേൽപ്പടി ഓഫീസിൽ ലഭിച്ചതെന്നും ഹർജിക്കാരന്റെ പരാതിയുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിച്ചു വരികയാണെന്നും ഹർജിക്കാരന്റെ അപേക്ഷയിന്മേൽ യഥാസമയം മറുപടി നൽകിയിട്ടുള്ളതാണെന്നും മറ്റുമാണ്.

4. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പരാമർശിത കെട്ടിടം നിലവിൽ നമ്പറുള്ള കെട്ടിടമാകയാൽ മറ്റ് നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല എന്നാണ് ഹർജിക്കാരനെ അറിയിച്ചത് എന്നും ലോകായുക്ത കോടതിയുടെ ഉത്തരവുപ്രകാരം മേൽപ്പടി കെട്ടിടം അനധികൃതമാണെന്നും കെ.എസ്.ഇ.ബി നടപടി സ്വീകരിക്കണമെന്നും ഉത്തരവിട്ടിരുന്നു എന്നും എന്നാൽ നഗരസഭ ലീഗൽ കോൺസലിൽ നിന്ന് അഭിപ്രായം തേടിയപ്പോൾ ആറ്റിപ്ര പഞ്ചായത്തിന്റെ കാലത്തുണ്ടായിരുന്ന കെട്ടിട നമ്പർ കൺവെർട്ട് ചെയ്ത് ടി.സി. 81/1185 എന്ന നമ്പർ നൽകി നഗരസഭ അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ സാഹചര്യത്തിൽ നഗരസഭാ തലത്തിൽ മേൽപ്പടി നിർമ്മാണത്തിനെതിരെ നിലവിലെ സ്ഥിതിയിൽ നടപടി സ്വീകരിക്കുന്നതിന് കഴിയുകയില്ല എന്നും എന്നാൽ പുറമ്പോക്കാണെന്ന് വ്യക്തമായ സ്ഥിതിക്ക് റവന്യു വകുപ്പിലെ തഹസിൽദാർ തലത്തിൽ നിയമാനുസൃത നടപടി തുടരാമെന്നു കാണുന്നു എന്നും ഹർജിക്കാരൻ സർക്കാരിലേക്കും നഗരസഭയിലേക്കും അയച്ച പരാതികളുടെ അടിസ്ഥാനത്തിൽ മേൽപ്പടി വിഷയം സംബന്ധിച്ച് സർക്കാരിൽ നിന്നും യുക്തിപൂർവ്വമായ നിർദ്ദേശം ലഭിക്കുന്നതിനുവേണ്ടി പ്രമേയം പാസ്സാക്കി തദ്ദേശ സ്വയംഭരണ സെക്രട്ടറി മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടു വരുന്നു എന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2, 3 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ അഭിപ്രായപ്രകടനമോ വിശദീകരണമോ ഒക്കെയാണെന്ന് കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 2(എഫ്) വകുപ്പുപ്രകാരം 'വിവരം' എന്നതിന്റെ പരിധിയിൽ വരുന്നതല്ലെന്നും കാണുന്നു. എന്നാൽ ടിയാന്റെ അപേക്ഷയിലെ 4, 5 എന്നീ ഇനങ്ങൾ സംബന്ധിച്ച് വ്യക്തമായ മറുപടി നൽകേണ്ടതാണെന്ന് കാണുന്നു. മേൽപ്പടി പരാതികൾ നഗരസഭ മെയിൻ ഓഫീസിൽ സ്വീകരിച്ച ശേഷം കൈകൊണ്ടിട്ടുള്ള നടപടികൾ പൂർണ്ണമായും

വ്യക്തമായും ഹർജിക്കാരന് ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം രണ്ടാം എതിർകക്ഷി നൽകണമെന്ന് കമ്മീഷൻ ഉത്തരവാകുന്നു. മേൽപ്പടി പരാതികൾ ആറ്റിപ്ര സോണൽ ഓഫീസിലേക്ക് തുടർനടപടികൾക്കായി അയച്ചു നൽകിയിട്ടില്ലെങ്കിൽ മേൽപ്പടി ഇനങ്ങൾ സംബന്ധിച്ച മറുപടി നൽകുന്നതിലേക്കായി ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് മെയിൻ ഓഫീസിലെ എസ്.പി.ഐ.ഒ.ക്ക് അയച്ചു നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 29-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us